**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 146 | **12.06.2019 ൽ** മറുപടിക്ക്

## തെരുവ് നായ ശല്യം നേരിടുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ** | **എ.സി.മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| എ) | തെരുവ് നായ്ക്കളുടെ ശല്യം അനുദിനം വർദ്ധിച്ച് വരുന്നതിനാൽ ജനങ്ങൾ ഭീതിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) തെരുവു നായ്ക്കളുടെ ശല്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | തെരുവുനായ്ക്കളിൽ പേ വിഷബാധയുള്ളവയും ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ തെരുവു നായ്ക്കളെ വന്ധ്യംകരിക്കുന്നതോടൊപ്പം തന്നെ പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവെപ്പും നൽകി വരുന്നു. പേവിഷബാധ കണ്ടെത്തുന്ന നായ്ക്കളെ നിർമ്മാർജ്ജനം ചെയ്തു വരുന്നു. |
| സി | തെരുവുനായ്ക്കളുടെ ഉപദ്രവം ഫലപ്രദമായി നേരിടുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | സി) തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് ജില്ലാ പഞ്ചായത്തും മൃഗസംരക്ഷണ വകുപ്പും, കുടുംബശ്രീയും ചേർന്ന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കി വരുന്നു. പ്രോഗ്രാമിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പൊതു സ്ഥലങ്ങളിൽ ഭക്ഷണ അവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് ബോധവൽക്കരണം നടത്തുകയും അത്തരം സംഗതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. എ.ബി.സി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ മൈക്രോ എന്റർപ്രൈസ് (എം.ഇ) യൂണിറ്റുകൾ സൗഹാർദ്ദപരമായി തെരുവുനായ്ക്കളെ പിടികൂടി അതത് വെറ്ററിനറി ആശുപത്രികളിൽ എത്തിച്ച് കുടുംബശ്രീ എംപാനൽ ചെയ്ത വെറ്ററിനറി ഡോക്ടർ പരിശോധിച്ച ശേഷം അനുയോജ്യമായ നായ്ക്കളെ മാത്രം ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ഡോക്ടറുടെ നിർദ്ദേശ പ്രകാരം ശസ്ത്രക്രിയാനന്തരം അവയെ പരിപാലിക്കുകയും രോഗാവസ്ഥ യിലുള്ളവയെ ചികിത്സിച്ച് ഭേദമാക്കി തിരിച്ച വിടുകയും ചെയ്യുന്നു. 2017 ജൂൺ മുതൽ 2019 മെയ് വരെ 36,022 നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട് (ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു) ഇതിനുപുറമേ തിരുവനന്തപുരം ജില്ലാമിഷന്റെ നേതൃത്വത്തിൽ മൊബൈൽ എ.ബി.സി യൂണിറ്റ് 2018 മെയ് മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിൽ നാളിതുവരെ 1972 നായ്ക്കളെ പിടികൂടി വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ എന്നീ ജില്ലകളിലാണ് കുടുംബശ്രീ നേരിട്ട് എബിസി പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ 59 യൂണിറ്റുകളാണ് എ.ബി.സി പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നത്. 2017 ജൂൺ മുതൽ 2019 മെയ് വരെ 36022 നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | വന്ധ്യംകരണത്തിന് വിധേയമാക്കിയ നായ്ക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 12069 |
| 2 | കൊല്ലം | 0 |
| 3 | പത്തനംതിട്ട | 4310 |
| 4 | ആലപ്പുഴ | 1839 |
| 5 | കോട്ടയം | 5230 |
| 6 | ഇടുക്കി | 714 |
| 7 | എറണാകുളം | 8509 |
| 8 | തൃശ്ശൂർ | 3336 |
| 9 | പാലക്കാട് | 0 |
| 10 | മലപ്പുറം | 15 |
| 11 | കോഴിക്കോട് | 0 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 0 |
| 14 | കാസർഗോഡ് | 0 |
| | **ആകെ** | **36022** |

സെക്ഷൻ ഓഫീസർ